# ദൈവദാസൻ കുര്യാളശേരിയുടെ പൗരോഹിത്യശതാബ്ദി 27ന്

ചങ്ങനാശേരി: പുണ്യശ്ലോകനും രൂപതയുടെ പ്രഥമ മെത്രാനുമായിരുന്ന ദൈവദാസൻ തോമസ് കുര്യാളശേരിയുടെ പൗരോഹിത്യ ശതാബ്ദി 27നു വിവിധ പരിപാടികളോടെ അദ്ദേഹം അന്ത്യവിശ്രമംകൊള്ളുന്ന മെത്രാപ്പോലീത്തൻ പള്ളിയിൽ ആചരിക്കും. ദൈവദാസന്റെ 74-ാം ചരമവാർഷികം 26 മുതൽ ജൂൺ രണ്ടുവരെയുള്ള ദിവസങ്ങളിൽ ഇവിടെ ആചരിക്കുന്നതിനിടയിലാണു പൗരോഹിത്യ ശതാബ്ദിയാഘോഷവും നടത്തുക. 'ക്രിസ്തുവിൽ എല്ലാം നവീകരിക്കുക' എന്ന ആദർശസൂക്തവുമായി 1911ലാണു ദൈവദാസൻ ചങ്ങനാശേരി രൂപതയുടെ സാരഥ്യം ഏറ്റെടുത്തത്.

1873 ജനുവരി 14നു ചമ്പക്കുളത്തു ജനിച്ച അദ്ദേഹം അവിടെയും ചങ്ങനാശേരി ഗവ. സ്കൂളിലും മാന്നാനം സെയ്ന്റ് എഫ്രേംസിലുമാണു വിദ്യാഭ്യാസം നടത്തിയത്. അദ്ദേഹത്തെ അന്നത്തെ സഭാ മേലധ്യക്ഷനായിരുന്ന മാർ ലവീഞ്ഞ് വൈദികപഠനത്തിനായി റോമിലെ പ്രൊപ്പഗാന്ത കോളജിലേക്കയച്ചു. 1899 മേയ് 27നു റോമിലെ ലാറ്ററൻ ദേവാലയത്തിൽ അദ്ദേഹം വൈദികാഭിഷിക്തനായി.

നാട്ടിൽ തിരിച്ചെത്തിയശേഷം വൈദികൻ, മെത്രാൻ എന്നീ നിലകളിൽ 26 വർഷം സ്തുത്യർഹമായ സേവനം നടത്തി. 1925ലെ ജൂബിലിവൽസരത്തോടനുബന്ധിച്ചു റോം സന്ദർശിക്കാൻ പോയ മെത്രാപ്പോലീത്താ അവിടെവച്ചു രോഗബാധിതനായി. 1925 ജൂൺ രണ്ടിനു മരണമടഞ്ഞു.

പത്തു വർഷത്തിനുശേഷം പിൻഗാമി കാളാശേരിൽ മാർ ജയിംസ് മെത്രാൻ, ദൈവദാസന്റെ പൂജ്യാവശിഷ്ടം ചങ്ങനാശേരിയിൽ കൊണ്ടുവന്നു മെത്രാപ്പോലീത്തൻ ദേവാലയത്തിലെ മദ്ബഹയിൽ കബറടക്കി.


ദൈവദാസൻ കുര്യാളശേരി

ദൈവദാസന്റെ ദിവ്യകാരുണ്യോപാസനയുടെ ദൃശ്യമായ തെളിവായിരുന്നു ആരാധനാ സന്യാസിനീ സമൂഹം സ്ഥാപിച്ചത്. മദർ മേരി ഷന്താളിന്റെ സഹകരണത്തോടെ അദ്ദേഹം 1908ൽ രൂപംകൊടുത്ത ആരാധനാ സന്യാസിനീ സമൂഹത്തിലെ നാലായിരത്തിലധികം വരുന്ന സഹോദരികൾ ഇന്ന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും നേപ്പാൾ, ജർമനി, ഇറ്റലി, സ്വിറ്റ്സർലൻഡ്, ആഫ്രിക്ക എന്നിവിടങ്ങളിലുമായി ശുശ്രൂഷചെയ്യുന്നു.

മതബോധന കാര്യത്തിൽ അൽമായരെ പങ്കെടുപ്പിക്കാൻ 'മാർത്തോമ്മാ ദാസസംഘം' രൂപീകരിച്ചതും ദൈവദാസനാണ്. പിതാവിന്റെ വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾക്കു മകുടംചാർത്തുന്ന സ്മാരകമാണ് 1922ൽ ഇവിടെ ആരംഭിച്ച എസ്.ബി. എന്ന സെയ്ന്റ് ബർക്ക്മാൻസ് കോളജ്.

അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള ഔദ്യോഗികനടപടികൾ 1983ലാണ് ആരംഭിച്ചത്.

പോസ്റ്റുലേറ്റർ ഫാ. ലൂക്കാസ് വിത്തുവെട്ടിക്കൽ, വൈസ് പോസ്റ്റുലേറ്റർ സിസ്റ്റർ മേരി ഇസ്പിരിത്ത് എന്നിവരാണു നാമകരണനടപടികൾക്കു നേതൃത്വം നൽകുന്നത്. ദൈവദാസനെക്കുറിച്ചുള്ള ചരിത്രസ്മരണകൾ ഉറങ്ങുന്ന മ്യൂസിയം മെത്രാപ്പോലീത്തൻ പള്ളിക്കു സമീപം പ്രവർത്തിക്കുന്നു.

ദൈവദാസന്റെ പൗരോഹിത്യ ശതാബ്ദിയോടനുബന്ധിച്ച് 27നു വൈകിട്ടു നാലിന് ദിവ്യകാരുണ്യ ആരാധന, കുർബാന, കബറിടത്തിൽ പ്രത്യേക പ്രാർഥന എന്നിവ നടത്തും.

തുടർന്നു മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിൽ ചേരുന്ന പൊതുസമ്മേളനത്തിൽ ആർച്ച്ബിഷപ് മാർ ജോസഫ് പൗവത്തിൽ ആധ്യക്ഷ്യംവഹിക്കും.

യോഗത്തിൽ മദർ പ്രൊവിൻഷ്യൽ സിസ്റ്റർ റോസ് കേയ്റ്റ്, സി.എഫ്. തോമസ് എം. എൽ. എ., മുനിസിപ്പൽ ചെയർമാൻ തോമസ് ജോസഫ്, വികാരി ഫാ. ജോസഫ് മണലിൽ, ഫാ. ഐസക്ക് ആലഞ്ചേരി എന്നിവർ പ്രസംഗിക്കും. തുടർന്നു നേർച്ചവിതരണവും നടത്തും.

ഇരുപത്തിയേഴിനു ശതാബ്ദിയോടനുബന്ധിച്ചു ദൈവദാസൻ തുടക്കമിട്ട എല്ലാ ആരാധനാമഠങ്ങളിലും 13 മണി ആരാധനകളും യാമാരാധനകളും കുർബാനയും സാധുക്കൾക്കു സഹായവിതരണവും നടത്തും. ദൈവദാസന്റെ ചരമവാർഷികദിനമായ ജൂൺ രണ്ടിനു രാവിലെ 6.45നു മാർ ജോസഫ് പൗവത്തിൽ കുർബാനയർപ്പിക്കും. പത്തരയ്ക്കു നടക്കുന്ന സമൂഹബലിയിൽ പാലാ ബിഷപ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ മുഖ്യകാർമികത്വം വഹിക്കും.

പന്ത്രണ്ടു മണിക്കു നടക്കുന്ന ശ്രാദ്ധാടിയന്തിര ചടങ്ങുകൾ അയ്യായിരംപേർക്കുവേണ്ടിയാണു ക്രമീകരിച്ചിട്ടുള്ളത്.